**"ഭരണഭാഷ- മാതൃഭാഷ"**

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2025-26 - കോഴിക്കോട് ജില്ല- കുന്നമംഗലം നിയോജക മണ്ഡലം - ഒളവണ്ണ ഗ്രാമപഞ്ചായത്ത്- '**അറപ്പുഴ മണക്കടവ് റോഡ്**' എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.696/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.01.2026-ലെ LSGD/PD/34569/2025-EW7-നമ്പർ കത്ത്

ഉത്തരവ്

2025-26 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമ നം. 1218 ആയി ഉൾപ്പെടുത്തിയിരിയ്ക്കുന്ന 50 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക കണക്കാക്കി 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്ന കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ '**അറപ്പുഴ മണക്കടവ് റോഡ്** ' എന്ന പ്രവൃത്തിക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025-2026 വർഷത്തെ ഇക്കാര്യം വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II -വാല്യം II -ൽ ക്രമ നമ്പർ. 1218 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന "**അറപ്പുഴ മണക്കടവ് റോഡ്**" എന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ( അമ്പത് ലക്ഷം രൂപ മാത്രം ) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **"4515-00-800-92(NP) "** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3) അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

4) ധനകാര്യ വകുപ്പ്.(E:3415751/DEV-3/55/2026-Fin dated 06.03.2026) (AS/LGD/25/49627)

5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

6) ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

7) കരുതൽ ഫയൽ.(DB2/104/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 12-03-2026 14:13:46

സെക്ഷൻ ഓഫീസർ